

പുനർജ്ജനി

# ദുരന്തങ്ങളുടെ ചാരക്കൂമ്പാരങ്ങളിൽ നിന്ന് ഫീനിക്സ് പക്ഷിയേപ്പോലെ ഉയർത്തെഴുന്നേൽക്കുന്നു...



# ജി എച്ച് എസ് എസ്

# കൊങ്ങോർപ്പിള്ളി

# താളുകളിലൂടെ


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആശംസ | 5 |
| 2 | എഡിറ്റോറിയൽ | 6 |
| 3 | പിന്നണിയിൽ | 7 |
| 4 | ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് ടീം | 8 |
| 5 | മഹാപ്രളയം(ലേഖനം) | 9 |
| 6 | നമുക്ക് പ്രളയം മതി (കവിത) | 13 |
| 7 | ഇനിയെങ്ങോട്ട് (ചിത്രം) | 15 |
| 8 | ക്യാമ്പിലെ അനുഭവം | 16 |
| 9 | അനുഭവക്കുറിപ്പ് | 18 |
| 10 | പ്രളയം വിഴുങ്ങിയ ഞങ്ങളുടെ വിദ്യാലയം | 20 |
| 11 | ഹൃദയഭേദകം | 21 |
| 12 | തോരാതെ പെയ്യുന്ന മഴ (കവിത) | 22 |
| 13 | ഒരൊറ്റ ജനത | 24 |
| 14 | മറക്കില്ലൊരിക്കലും | 25 |
| 15 | ഒരു പ്രളയക്കാഴ്ച്ച | 26 |
| 16 | കേരളം അതിജീവിച്ച പ്രളയം | 27 |
| 17 | പ്രളയം മലയാളിയെ പഠിപ്പിച്ച പാഠങ്ങൾ | 28 |
| 18 | നന്ദിയുടെ ഒരു വാക്ക് | 30 |

# പ്രധാനാധ്യാപകന്റെ ആശംസ



പ്രിയരേ,

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റ ഭാഗമായി വിദ്യാർത്ഥികൾ തയ്യാറാക്കി-യിട്ടുള്ള "പുനർജനി" എന്ന ഡിജിറ്റൽ മാഗസിൻ അവരുടെ സർഗാത്മകതയുടെയും കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെയും സമന്വയമാണ് . കൈറ്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കമ്പ്യൂട്ടർ നിപുണരാക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഒരു വേറിട്ടതും അഭിനന്ദനാർഹവുമായ ഒരു സംരംഭമാണ് " പുനർജനി ".സർഗാത്മക സൃഷ്ടികളാൽ ഈ മാഗസിൻ സമ്പന്നമാക്കിയ ഓരോ വിദ്യാർത്ഥികൾക്കും അതിനവരെ പ്രാപ്തരാക്കിയ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാർക്കും അഭിനന്ദനങ്ങൾ . തുടർന്നും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ച്ച വെച്ച് ശാസ്ത്രസാങ്കേതിക വിദ്യയിൽ മുന്നേറുവാൻ നിങ്ങൾക്കാകട്ടെ എന്ന് അൽമാർത്ഥമായി ആശംസിക്കുന്നു

സ്നേഹപൂർവ്വം,

**ഹെഡ്മാസ്റ്റർ**

**ശ്രീ. പ്രദീപ് നാറോത്ത്**

# എഡിറ്റോറിയൽ

പാഠ്യപദ്ധതിയുടെ ചട്ടക്കൂടിലൊതുങ്ങാത്ത ,അതിജീവനത്തിന്റെ പാഠങ്ങൾ  പകർന്നു  തരാൻ , ഫീനിക്സ്  പക്ഷിയെപ്പോലെ ചിറകടിച്ചുയരാൻ , കാലം കരുതിവച്ച ഒരു മഹാപ്രളയം 2018-19 വിദ്യാലയവർഷത്തെ ഏറെ  ശ്രദ്ധേയമാക്കി .

പുനർജനി എന്ന ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ  കൈറ്റ്സ്  അംഗങ്ങളുടെ  പ്രളയാനുഭവങ്ങളുടെ അന്വേഷണാത്മകവും  സർഗാത്മകവുമായ  ആവിഷ്കാരങ്ങളുടെ പ്രതിഫലനമാണ് . സാങ്കേതികവിദ്യയുടെ നവീനമായ ചുവടുവയ്പുകൾക്ക് കാതോർത്ത ,അതിനെ ഫലപ്രാപ്തിയിലെത്തിച്ച  എല്ലാവർക്കും അഭിനന്ദങ്ങൾ നേർന്നു കൊണ്ട് .....

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്

ലിന്റു പി ദേവസ്സി

**സബിദ  പി എ**

# പിന്നണിയിൽ

**പ്രജീഷ് എൻ പി**
**അനന്തു കെ ബി**
**പത്മരാജ് ആർ**
**ആദർശ് ഷാജി**
**നിഹിത ടി കെ**
**അതുല്യ പി ബി**
**ആൽബിൻ ജോസ്**
**ലിന്റ പി ദേവസ്സി**
**സബിദ പി എ**

# മഹാപ്രളയം

94 വർഷത്തിനു  ശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയ ദുരന്തമാണ് 2015 ആഗസ്റ്റ് മാസത്തിൽ ഉണ്ടായത്.15 ലക്ഷത്തിലേറെ പേർ ദുരിതാശ്വാസ  ക്യാമ്പുകളിൽ അഭയം തേടി. ഈ ദുരന്തത്തിൽ നിന്നും അതിജീവിക്കാനുള്ള  ശ്രമത്തിലാണ് നമ്മുടെ നാട്.



അതിതീവ്രമായ  മഴയാണ് ലക്ഷക്കണക്കിനു കുടുംബങ്ങളെ കഷ്ടപ്പാടിലേക്ക് എത്തിച്ച ദുരന്തത്തിനു കാരണമായത്.ചരിത്രത്തിൽ ആദ്യമായി സംസ്ഥാനത്തിലെ 54 ഡാമുകളിൽ 35 എണ്ണം ഒരുമിച്ച് തുറന്നു വിടേണ്ടതായും വന്നു.

എറണാകുളം,കൊല്ലം, പാലക്കാട്, കോട്ടയം, പത്തനംതിട്ട,ആലപ്പുഴ ജില്ലകളിൽ ഡാമുകൽ തുറന്നു വിട്ടതു മൂലം രൂക്ഷമായ പ്രളയം ഉണ്ടായി. ഇടുക്കി, വയനാട്,മലപ്പുറം,കോഴിക്കോട്,കണ്ണൂർ ജില്ലകളിൽ ഉരുൾപൊട്ടൽ ദുരന്തങ്ങൾ കൂടി ഉണ്ടായതോടെ കേരളം ചരിത്രത്തിലെ ഏറ്റവും വലിയ നാശത്തിൽ അകപ്പെട്ടു.സംസ്ഥാനത്തെ എല്ലാ ജില്ലകളെയും പ്രളയം ബാധിച്ചപ്പോൾ  മലയോര നാടുകളെ ഉരുൾപൊട്ടൽ ഒറ്റപ്പെടുത്തകയാണുണ്ടായത്.ദേശീയകാലാവസ്ഥ നിരീക്ഷണ വിഭാഗം പ്രവചിച്ചതിനേക്കാൾ മൂന്നിരട്ടി മഴ കേരളത്തിൽ പെയ്തിറങ്ങിയതിൻെറ ദുരിതം

നാടിനെ തളർത്തിക്കളഞ്ഞു.കാലാവസ്ഥ വ്യതിയാനം ദുരന്തമാകുന്ന ഭീകരകാഴ്ച..

## പ്രളയനഷ്ടം



2018 ആഗസ്റ്റ് 15 നാണ് കേരളത്തിൽ മഹാദുരന്തമായി പ്രളയം വന്നത്. പ്രളയത്തിലും ഈ ദിവസങ്ങളിലുണ്ടായ ഉരുൾപൊട്ടലിലുമായി 483 പേർ മരിച്ചു. കാൽ ലക്ഷത്തിലേറെ വീടുകൾ പൂർണ്ണമായും തകർന്നു.40,000 ഓളം വീടുകൾക്ക് ഭാഗികമായ കേടുപാടുകൾ സംഭവിച്ചു. കൃഷി വ്യാപകമായി നശിച്ചു.ലക്ഷക്കണക്കിന് കന്നുകാലികളും കോഴി പോലുള്ള വളർത്തുപക്ഷികളും ചത്തൊടുങ്ങി.ആയിരക്കണക്കിന് കിലോമീറ്റർ റോഡുകളും അനവധി പാലങ്ങളും തകർന്നു. ഈ വിഭാഗങ്ങളിൽ മാത്രമായി40,000 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.വ്യവസായ കച്ചവടസ്ഥാപനങ്ങളിൽ വെള്ളം കയറി സംഭവിച്ച സാമ്പത്തി നഷ്ടം ആയിരക്കണക്കിനു രൂപയുടേതാണ്.

## ഏറ്റവും വലിയ രക്ഷാദൗത്യം



1. ദേശീയദുരന്ത നിവാരണ സേന ചരിത്രത്തിലെ ഏറ്റവും വലിയ ദൗത്യങ്ങളിലൊന്നാണ് ഈപ്രളയത്തിൽ കേരളത്തിൽ നടത്തിയത്.വ്യോമസേന, ഓപ്പറേഷൻ കരുണ എന്ന പേരിലും, കരസേന ഓപ്പറേഷൻ സഹയോഗ് എന്ന പേരിലും,നാവികസേന ഓപ്പറേഷൻ മദദ് എന്ന

പേരിലും ആണ് രക്ഷാപ്രവർത്തനം നടത്തിയത്.ചെറുവിമാനങ്ങളും ബോട്ടുകളും വലിയ വാഹനങ്ങളുമെല്ലാം സേനകൾ രക്ഷാദൗത്യങ്ങൾക്കായി ഉപയോഗിച്ചു.എന്നാൽ രക്ഷാദൗത്യത്തിന്റെ പ്രധാന പങ്കു വഹിച്ചത് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ആയിരുന്നു.നൂറുകണക്കിന് മീൻപിടുത്ത വഞ്ചികളുമായി

തീരദേശത്തു നിന്നും ആയിരക്കണക്കിന് മത്സ്യത്തൊഴിലാളകൾ രക്ഷാദൗത്യത്തിന് ഇറങ്ങിയ-പ്പോൾ രക്ഷപ്പെട്ടത് ആയിരക്കണക്കിന് ജീവനുകളാണ്.



കേരളത്തിന്റെ സ്വന്തം സൈന്യംഎന്ന പേരോടു കൂടിയ അഭിനന്ദനമാണ് ദൗത്യത്തിൽ പങ്കെടുത്ത മത്സ്യത്തൊഴി

ലാളികൾക്ക് ലഭിച്ചത്.

# അതിജീവിക്കാം



കാലാവസ്ഥ വ്യതിയാനമാണ് പ്രകൃതിക്ഷോഭത്തിന് പ്രധാന കാരണം. കുന്നുകൾ ഇടിച്ചു നിരത്തപ്പെടാതിരിക്കാനും വയലുകളും കുളങ്ങളും തോടുകളും നികത്തപ്പെടാതിരിക്കാനും കാടുകളും നികത്തപ്പെടാതിരിക്കാനും കുളങ്ങളും തോടുകളും നികത്തപ്പെടാതിരിക്കാനും കാടുകളും നദീ തീരങ്ങളും സംരക്ഷിക്കാനും ജാഗ്രത വേണം.പ്രകൃതി സൗഹൃദപരമായി ജീവിച്ച് പ്രകൃതി ദുരന്തങ്ങളെ നമുക്ക് പ്രധിരോധിക്കാം.

# ജീവിതപാഠം

പ്രളയം കുറെ നഷ്ടങ്ങൾ വരുത്തിയതോടൊപ്പം കുറെ തിരിച്ചറിവുകളും നൽകി.

**പരസ്പര സ്നേഹം**: പ്രളയത്തിൽ അകപ്പെട്ടപ്പോൾ രക്ഷയായത്,

ക്യാമ്പിൽ ഭക്ഷണം തന്ന് ഒപ്പം നിർത്തിയത്, തന്ന് ഉറ്റവരെപ്പോലെ കരുതിയത്. അറിഞ്ഞു, സ്നേഹത്തിന്റെ വില.

**കരുണ**: കഷ്ടപ്പെടുന്നവരെയും ദുരന്തത്തിൽപ്പെടുന്നവരെയും കരുണയോടെ കാണണമെന്ന പാഠം പഠിച്ചു. പ്രളയത്തിന് ഇരയാകാത്തവർ കരുണയോടെ സംരക്ഷണത്തിന്റെ വലയം തീർത്തു.

**മതിലുകൾ**: അയൽക്കാരുമായി ഇടപഴുകാനും വീട്ടിൽ മറ്റുള്ളവർ

കടന്നു വരുമ്പോൾ സ്വകാര്യത പോകുന്നതിലെ ഇഷ്ടക്കുറവും പോയി.പ്രളയം വന്നപ്പോൾ മതിൽ കടന്നു വന്ന് രക്ഷിച്ചത് അകറ്റി നിർത്താൻ ആഗ്രഹിച്ചവരായിരുന്നു.

**സ്വാർത്ഥത**: എല്ലാം  എനിക്ക് മാത്രം എന്ന ജീവിത രീതി മാറ്റി മറിച്ചു.

എനിക്ക് മാത്രം സുരക്ഷതമായത് ഒന്നുമില്ലെന്ന് അറിഞ്ഞു.

**ഹരികൃഷ്ണ സി ജെ**

# നമുക്ക് പ്രളയം മതി

## കവിത

പ്രളയം

വന്നപ്പോൾ

ഒരേകൈയ്യിൽ

പിടിച്ചു കയറിയവർ

ഒരു പാത്രത്തിൽ

നിന്നുണ്ടവർ

ഒരു വിരിയിൽ

കിടന്നവർ

വെള്ളമിറങ്ങിയപ്പോൾ

പാർട്ടികളായി

സംഘടനയായി

ജാതിയായി

മതമായി

തല്ലായി

ഉണ്ണി പറഞ്ഞു

വെയിലു വേണ്ടമ്മേ

നമുക്ക് പ്രളയം മതി

പത്മരാജ് ആർ

# ഇനിയെങ്ങോട്ട്? ! ! !



**ആദർശ് ഷാജി**

# ക്യാമ്പിലെ അനുഭവം


പുഞ്ചിരി പകർന്നവർക്ക് നന്ദിപൂർവ്വം

പ്രളയത്തിൽ ജീവണൊഴിച്ചു മറ്റെല്ലാം നഷ്ടപ്പെട്ട കൈനകരി ഒറാശ്ശേരി രാധാമണി ക്യാമ്പിൽ ലഭിച്ച പുതുവസ്ത്രം സന്തോഷത്തോടെ നോക്കുന്നു.വീട് മുഴുവനായി മുങ്ങിയ ഇവരുടെ മക്കളും കൊച്ചുമക്കളും ഉൾപ്പെടെ ഒമ്പത് അംഗങ്ങളുള്ള കുടുംബം ആലപ്പുഴയിലെ ദുരിതാശ്വാസ ക്യാമ്പിലാണ്

Mathrubhumi മാതൃഭൂമി Thu, 23 August 2018 digital.mathrubhumi.com/c/

ആഗസ്റ്റ് 15 ന് സ്കൂളിൽ പോകുവാൻ പറഞ്ഞു അന്നു രാവിലെ വീട്ടിൽ വെള്ളം കയറി തുടങ്ങി അപ്പോഴേക്കും ഞങ്ങൾ സാധനങ്ങൾ എടുത്തുവയ്ക്കാൻ തുടങ്ങി. അന്ന് രാത്രി എല്ലാ സാധനങ്ങളും എടുത്ത് ക്യാമ്പിലോട്ടു പോവുകയും ചെയ്തു. ആഗസ്റ്റ് 15 രാവിലെ തന്നെ എഴുന്നേറ്റ് പാടം സന്ദർശിക്കാൻ പോയി. ഓരോരുത്തരുടെയും വീടികളിൽ വെള്ളം കയറുമ്പോൾ ഞങ്ങൾക്ക് പേടിയായിരുന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ നെഞ്ചോളം വെള്ളം ഉണ്ടായി . എന്നിട്ട് വീട്ടിൽ പോയി നോക്കിയപ്പോൾ അമ്മയുടെ രണ്ട് ഉടുപ്പ് ഞങ്ങളുടെ വീട്ടിലുടുന്ന ഉടുപ്പുകൾ അരി, മക്സി, ബെഡ്, പാത്രങ്ങൾ മിക്ക സാധനങ്ങളും പോയി കിടക്കുന്നു 5 ദിവസം കഴഞ്ഞു വന്നപ്പോൾ വെള്ളം കുറഞ്ഞു തുടങ്ങി.ഞങ്ങൾ അന്നു തന്നെ വീട് വൃത്തിയാക്കി തുടങ്ങി . എല്ലാം അടിച്ചു കഴുകി. എത്രയോ വെള്ളം കിണറ്റിൽ നിന്ന് കോരിയെടുത്തു. ഈ ദിവസങ്ങളിൽ വൈദ്യുതി ഉണ്ടായില്ല.

ധാരാളം കുപ്പി ഡെറ്റോൾ, ഫിനോയിൽ ഒഴിച്ചു കഴുകി ഇത്ര ദിവസം കരണ്ട് ഉണ്ടായില്ല.

അതുല്യ പി ബി

# അനുഭവക്കുറിപ്പ്

16-10-2018 രാവിലെ 9:00 മണിയ്ക്ക് എന്റെ കുടുംബം പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു ആ സമയത്ത് രണ്ട് ചേട്ടൻമാർ വന്ന് പറഞ്ഞു വെള്ളം വരുന്നുണ്ട് എന്ന്. പിന്നിട് ഒരു 10:00 മണി ആയപ്പോൾ മൂന്ന് ചേട്ടൻമാർ വന്ന് താഴെ ഇരുന്ന വീട്ട് ഉപകരണങ്ങൾ മുകളിൽ കയറ്റിവയ്ക്കുവാൻ സഹായിച്ചു. അച്ഛനും അമ്മയും കൂടി വസ്തുങ്ങളും അത്യാവശ്യം വേണ്ട രേഖകളും അത്യാവശ്യം കഴിക്കുവാൻ വേണ്ട സാധാനങ്ങളും തയ്യാറാക്കി വച്ചു.വൈകീട്ട്5:30 ആയപ്പോൾ വീട്ടിന്റെ മുറ്റത്ത് വെള്ളം വന്ന് തുടങ്ങി.ഉടൻ തന്നെ ഞങ്ങൾ സാധാനങ്ങളെല്ലാം എടുത്ത് ഇറങ്ങുവാൻ തുടങ്ങുമ്പോൾ തന്നെ വെള്ളം വേഗം ഉയർന്നുകൊണ്ടിരിക്കുകയായിരുന്നു.അപ്പോൾ തന്നെ ഞങ്ങൾ അൽപം ഉയർന്ന പ്രദേശത്തുള്ള മറ്റൊരു വീട്ടിലേക്ക് മാറി.ഏകദേശം ഒരു 8:00 മണിയോടുകൂടി ആ വീടിന്റെ മുറ്റത്തും വെള്ളം കയറി തുടങ്ങി.തുടർന്ന് ഞങ്ങൾ അൽപം കൂടി ഒരു ഉയർന്ന പ്രദേശത്തേക്ക് മാറി.രാവിലെ വെള്ളം ആ വീട്ടിൽ ഒരടിയോളം കയറി ആ സമയത്ത് കുറച്ച് ആളുകൾ രക്ഷപ്രവർത്തനത്തിന് ഇറങ്ങുന്നത് കാണാമായിരുന്നു.ആ വീട്ടിൽ ആറോളം കുടുംബങ്ങളിലായി കുട്ടികളുൾപ്പെടെ ഏകദേശം ഇരുപത്തിയഞ്ച് പേര് ഉണ്ടായിരുന്നു.അപ്പോൾ താഴത്തെ


**നിലയിൽ ഒന്നര അടിവെള്ളം ഉയർന്നിരുന്നു.മുകളിലത്തെ നിലയിലേയ്ക്ക് പോയി ഏകദേശം  വൈകുന്നേരം ആയപ്പോൾ രക്ഷപ്രവർത്തകർ വിളിച്ചതനുസരിച്ച് ഞങ്ങൾ അവരുടെക്കൂടെ പോകാൻ ഇറങ്ങുമ്പോൾ നെഞ്ചോളം വെള്ളം ഉണ്ടായിരുന്നു ആ വെള്ളത്തിൽ നീന്തി വെള്ളം കുറഞ്ഞ സ്ഥലത്തെത്തി അവിടെ ധാരാളം ആളുകൾ നേരത്തെ തന്നെ എത്തിയിരുന്നു അപ്പോൾ ഞങ്ങൾ കിട്ടിയ ബോട്ടിൽ കയറിയിരുന്നു.ഇവിടെ നിന്ന് നേരെ കുനമ്മാവിലെ ക്യമ്പിൽ ആണ് ചെന്നിറങ്ങിയത്**

**അജിത്ത് കെ. ജോയ്**

# പ്രളയം വിഴുങ്ങിയ ഞങ്ങളുടെ വിദ്യാലയം







# ഹൃദയഭേദകം!



## അനുഭവവിവരണം

കേരളത്തെ ഒട്ടാകെ ഞെട്ടിച്ച സംഭവമായിരുന്നു മഹാപ്രളയം.ജനങ്ങളെ എല്ലാം ആശങ്കയിലാക്കി ആഗസ്റ്റിൽ വന്ന വെള്ളപ്പൊക്കം. ഞങ്ങളെയും ഒക്കെ ആശങ്കയിലാഴ്ത്തി. അന്ന് സമയം 8.30 അത്താഴമെല്ലാം കഴിഞ്ഞ് ഫോണിൽ കളിക്കുകയായിരുന്ന ഞങ്ങൾ ആ കാഴ്ച കണ്ടത് പെട്ടെന്നാണ്.മുത്തച്ഛൻ പറഞ്ഞു വെള്ളം കയറുന്നുണ്ടല്ലോ എന്ന്. ഞങ്ങൾക്ക് പേടിയായി അപ്പോൾ തന്നേ ആന്റി വിളിച്ചുപറഞ്ഞു വെള്ളം കയറുന്നുണ്ടെങ്കിൽ വീട്ടിലേക്ക് വരാൻ.മുത്തച്ഛൻ

ഒട്ടോറിക്ഷ വിളിച്ച് എന്നെയും എന്റെ അനിയനെയും അങ്ങോട്ട് കൊണ്ട് പോയി അച്ഛനും അമ്മയും മുത്തച്ഛനും ഡ്രസ്സുകളും പലസാധനങ്ങളും വീട്ടിന്റ മുകളിലത്തെ നിലയിൽ വച്ചിട്ട് രാവിലെ ആന്റീയുടെ വീട്ടിലേക്ക് വന്നു പിന്നെ അവിടെയാണ് കുറച്ചു ദിവസം നിന്നത് രണ്ട് മൂന്ന് ദിവസം കഴിഞ്ഞപ്പോൾ വീട്ടിലേക്ക് പോയിനോക്കി വെള്ളം ഒരുനില കഴിഞ്ഞിട്ടുണ്ടായിരുന്നു.പിന്നെ രണ്ട് ദിവസം കഴിഞ്ഞപ്പോളും പോയി നോക്കി അപ്പോൾ പൂർണ്ണമായും ഇറങ്ങി പക്ഷേ എന്റെ വീട് പ്രളയത്തിൽ തകർന്ന് കിടക്കുകയായിരുന്നു . വീട്ടിൽ ഉണ്ടായിരുന്ന ടി.വി,ഫ്രഡ്ജ്,പാത്രങ്ങൾ,പുസ്തകങ്ങൾ ,ഡ്രസ്സുകൾ,ഇവയെല്ലാം നശിച്ചുപോയി ഞങ്ങൾക്ക് താമസിക്കുവാൻ ഇടം പോലും ഇല്ലാതായി ഞങ്ങൾ ആന്റിയുടെ വീട്ടിൽ രണ്ട് മാസം താമസിച്ചു. പിന്നീട് ഞങ്ങൾക്ക് സുനി എന്നു പറയുന്ന ചേട്ടന്റെ സഹായത്തോടെ കുറച്ചു പൈസ കിട്ടി അതുകൊണ്ട് ഞങ്ങൾ ഷെഡ് കെട്ടി അതിൽ താമസം തുടങ്ങി.



അനന്തു കെ.ബി

## കവിത

# തോരാതെ പെയ്യുന്ന മഴ

മഴയൊന്നു പെയ്യുമ്പോൾ
പുഴയൊന്നു നിറയുമ്പോൾ
കടലൊന്നു പിണങ്ങുമ്പോൾ
കുടിലൊന്നു കരയുമ്പോൾ
മഴ പോലെ നിറയുമ്പോൾ
കടൽ വീണ്ടും പിണങ്ങുമ്പോൾകുടിൽ
വീണ്ടും കരയുമ്പോൾ

# മഴ വീണ്ടും പെയ്യുമ്പോൾ

# പുഴ വീണ്ടും നിറയുമ്പോൾ

# ഒരൊറ്റ ജനത



കേരളജനതയെ ആകമാനം ഇളക്കിമറിച്ച ഒരു ദുരന്തമായിരുന്നു ആഗസറ്റ് മാസത്തിലെ മാഹാപേമരിയും അതിനോടനുബന്ധിച്ച വന്ന പ്രളയവും.സർവ്വവും നഷടപ്പെട്ട് ഉടുതുണിക്ക് മറുതുണി ഇല്ലതെ വലഞ്ഞവരാണ് കേരള ജനത. നമ്മുടെ മത്സ്യതൊഴിലാളികളും,ദുരന്തനിവരണ സേനയമാണ് നമ്മളെ രക്ഷിച്ചത്. അവരെ നമ്മൾ ഒരു ദൈവത്തെപോലെയാണ് കണക്കാക്കിയിരുന്നത് വിവിധ കേന്ദ്രങ്ങളിലായി നടത്തിയ ക്യാമ്പുകളൽ എല്ലാ മനുഷ്യരും ഒന്നായാണ് പ്രവർത്തിച്ചത്. പ്രളയത്തിൽ നിന്നും കേരള ജനത ഒരു പാഠം മനസ്സിലാക്കി.മതങ്ങൾ തമ്മിലുള്ള മതിൽ പ്രളയത്തോടെ തകർന്നു.അതോടെ ഹിന്ദുവും-മുസ്ലിമും ക്രസ്ഥനും ഒന്നായ ഒരു നിമിഷമായിരുന്നു.എല്ലാവരും ഒന്നായി പ്രവർത്തിച്ചുകൊണ്ട് നമ്മൾ പ്രളയം എന്ന ദുരന്തത്തെ ഒന്നായി തരണം ചെയ്തു

ആൽബിൻ ജോസ്

# മറക്കില്ലൊരിക്കലും .....

ഞങ്ങൾ പതിനാറാം തീയതി വൈകീട്ട് 4 മണിക്കാണ് ക്യാമ്പിലേക്ക് പോയത് . ആദ്യം ആദ്യം ചായ , സ്നാക്ക്സ് , ചോറ് , കറികൾ എന്നിവ കിട്ടിയെങ്കിലും പിന്നീട് അര കഷ്ണം ബ്രെഡായി അത് മാറി .വളരെ കഷ്ടപ്പാടായിരുന്നു . ടോയിലറ്റ്സ് ഒന്നാം നിലയിലായിരുന്നു . ഒന്നാം നില മുഴുവൻ മുങ്ങി . ദൈവമേ എന്ന് പ്രാർത്ഥിക്കാൻ മാത്രമേ പറ്റൂ .വെള്ളം കുറഞ്ഞു . രക്ഷപ്പെട്ടു . അരയ്ക്ക് വെള്ളത്തിൽ ഇറങ്ങി കുനമ്മാവിലേക്ക് നടന്നകന്നു . ഒട്ടുവിൽ കുനമ്മാവിലെത്തി . ആദ്യ ക്യാമ്പിനെ അപേക്ഷിച്ച് നോക്കിയാൽ സ്വർഗം . ഭക്ഷണം , വസ്ത്രം എല്ലാം കിട്ടി . ദൈവത്തിന് നന്ദി പറഞ്ഞു . പിന്നെ വീട്ടിലേക്ക് മടങ്ങി.

ഗൗരീശങ്കർ ആർ.

# ഒരു പ്രളയക്കാഴ്ച്ച



# കേരളം അതിജീവിച്ച പ്രളയം



മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ്.ഓർമ്മപ്പെടുത്തുകയും ഒരു മലയാളിയായതിനാൽ അഭിമാനം തോന്നുകയും ചെയ്യുന്ന നിമിഷങ്ങളും ഉണ്ട്.സുഖമുള്ള മഴയോർമകള് മനസ്സിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം, നൂറ്റാ ലെ ഏറ്റവും വലിയ പ്രളയം.കാലവർഷം പതിവിലധികം ശക്തി പ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാം കൊല്ലത്തേയും പോലെ കുട്ടനാട്ടിൽ മാതം ഒതുങ്ങും മഴക്കെടുതിയുടെ ദുരതങ്ങളെന്ന് കേരളം കരുതി വെറുതെയങ്ങു തിരിച്ചു പോകോൻ വന്നതല്ല എന്ന സൂചന നൽകി മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും ഉരുൾപ്പൊട്ടലും. ഡാമുകിൽ ജലനിരപ്പ് ഉയർന്നു തന്നെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന വാർത്തകൾ ആശങ്കയ്ക്ക്

ശ്യാമ

# പ്രളയം മലയാളിയെ പഠിപ്പിക്കുന്ന കാര്യങ്ങൾ



ഒരായുസ്സിന്റെ സമ്പാദ്യം കൊണ്ട് നിർമിച്ച വീടുകൾ പ്രളയത്തിൽ തകരുന്ന കണ്ണീർക്കാഴ്ചകളാണ് കഴിഞ്ഞ മാസം കേരളംകണ്ടത്.   സ്വപ്നവീടുകൾ പണിതുയർത്തുമ്പോൾ അപ്രതീക്ഷിതമായി ഉണ്ടാകാവുന്ന പ്രകൃതിദുരന്തങ്ങളെ  നേരിടാൻ പര്യാപ്തമാണെന്നു ഇനിയെങ്കിലും ഓരോ മലയാളിയും ഉറപ്പ് വരുത്തണം.

## ഓർമയിൽ സൂക്ഷിക്കാൻ ചില തിരിച്ചറിവുകൾ

പ്ലാനിങ്ങിന്റെ ആദ്യഘട്ടത്തിൽ തന്നെ ഒരു സ്ട്രക്ച്ചറൽ കൺസൾട്ടന്റിന്റെ സേവനം തേടണം. വീട് പണിയാൻ ഉദ്ദേശിക്കുന്ന  സ്ഥലത്തെ മണ്ണ് പരിശോധന നടത്തി നിർമാണത്തിന് അനുയോജ്യമാണോ എന്നുറപ്പ് വരുത്തണം. ഓരോ മേഖലയിലെയും മണ്ണിന്റെ ഘടനയ്ക്കനുസരിച്ചുള്ള രീതിയിൽ വീടിന്റെ ഫൗണ്ടേഷൻ ചെയ്യണം.



പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ പല വീടുകളുടെയും അടിത്തറ തന്നെ ഒലിച്ചു പോയ കാഴ്ചകൾ കാണാമായിരുന്നു.വെള്ളത്തെ പ്രതിരോധിക്കാനുള്ള ശക്തി പുഴയോരങ്ങളിലെയും താഴ്ന്ന പ്രദേശങ്ങളിലെയും വീടുകൾക്കും കെട്ടിടങ്ങൾക്കും മാത്രമല്ല വേണ്ടതെന്ന പാഠവും ഈ പ്രളയം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇനി കേരളത്തിൽ നിർമിക്കുന്ന ഓരോ വീടും ഇത്തവണത്തെ 'ഫ്ലഡ് ലെവൽ' വച്ച് പ്ലാൻ ചെയ്യുവയാകണം.

പ്രളയത്തിന് രണ്ടാഴ്ച ശേഷവും കുട്ടനാട് പോലുള്ള താഴ്ന്ന പ്രദേശങ്ങളിലെ വീടുകൾ

വെള്ളത്തിലാണ്.
രണ്ടാഴ്ചയിൽ കൂടുതൽ വെള്ളം തങ്ങി നിൽക്കുന്ന കോൺക്രീറ്റ് ഭിത്തികളുള്ള വീടുകൾക്ക് ബലക്ഷയം ഉണ്ടാകും.
ഭൂനിരപ്പിൽ നിന്നും ഉയർത്തി വീടുകൾ നിർമിക്കുക എന്നതാണ് ഇവിടെ ഒരു പ്രതിവിധി.

ഭിത്തി കെട്ടാനുള്ള നിർമാണസാമഗ്രികൾ തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധവേണം.
ഫൈബർ സിമന്റ് ബോർഡ്, ജിപ്സം പാനൽ തുടങ്ങിയ നിർമാണവസ്തുക്കൾ ഇപ്പോൾ ലഭ്യമാണ്.ഭാരം കുറവ്,ചെലവ്കുറവ്, ഈർപ്പം തങ്ങി നിൽക്കില്ല തുടങ്ങിയ ഗുണങ്ങളുമുണ്ട്

**നിഹിത ടി കെ**

# നന്ദിയുടെ ഒരു വാക്ക്